

# നോമ്പ് അഞ്ചാം ബുധൻ (മത്താ 18:15-20)

"...നിന്റെ സഹോദരൻ ആബേൽ എവിടെ? ...എനിക്കറിഞ്ഞുകൂടാ, സഹോദരന്റെ കാവൽക്കാരനാണോ ഞാൻ" (ഉത്പ 4:9). ഇതോടുകൂട്ടിച്ചേർത്തുവേണം "സഹോദരൻ തെറ്റു ചെയ്താൽ നീയും അവനും മാത്രമായിരിക്കുമ്പോൾ ചെന്ന് ബോധ്യപ്പെടുത്തിക്കൊടുക്കുക"(മത്താ 18:15) എന്ന വചനം ധ്യാനിക്കാൻ. മുറിവേൽക്കപ്പെട്ട വ്യക്തി തെറ്റു ചെയ്ത സഹോദരനെ ഒരു ശത്രുവായല്ല, പ്രത്യുത സഹോദരൻ എന്നപോലെ പരിഗണിച്ച്(2 തെസ 3:15) അവന്റെ തെറ്റുകൾ അവന് ബോധ്യപ്പെടുത്തിക്കൊടുക്കണം. ഇവിടെ കുറ്റപ്പെടുത്തുകയോ, ശിക്ഷിക്കുകയോ, ന്യായാസനതിനുമുൻപാകെ ഹാജരാക്കുകയോ അല്ല ആദ്യം ചെയ്യേണ്ടത്, പ്രത്യുത തന്റെ വിവേകമില്ലായ്മയെ മനസിലാക്കാൻ അവനെ സഹായിക്കണം.

എനിക്കെതിരെ തെറ്റു ചെയ്യുമ്പോൾ മാത്രമല്ല, അയൽക്കാരനെതിരെയോ സമൂഹത്തിനെതിരെയോ ചെയ്താലും അവനെ സഹോദരബുദ്ധ്യാ തിരുത്തേണ്ടത് എന്റെ കടമയാണ്. ഇത് ചെയ്യാതിരുന്നിൽ ഒരുവ്യക്തിയുടെയോ, കുടുംബത്തിന്റെയോ, രാജ്യത്തിന്റെയോ തന്നെ നാശത്തിന് ഇടയാക്കുകയാവും ഞാൻ ചെയ്യുക. "നിന്റെ സഹോദരനെവിടെ" എന്ന കായേനോടുള്ള അതേ ചോദ്യം കർത്താവ് എന്നോടും ചോദിക്കാതിരിക്കട്ടെ.

**തയ്യാറാക്കിയത്,**
**ഫാ.തോമസ് പൊട്ടംപറമ്പിൽ MCBS**
**30-03-2022**

**സീറോമലബാർആരാധനക്രമകമ്മീഷൻ**
**മൗണ്ട്സെന്റ്തോമസ്, കാക്കനാട്**
**Read more: wwwsyromalabarliturgy.org**